LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 7, ചൊവ്വ

വാല്യം : 127] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2006 ഫെബ്രുവരി മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 21-ഉം 37-ഉം സമാനസ്വഭാവമുള്ളതായതുകൊണ്ട് ക്ലബ്ബ് ചെയ്യുന്നു.

കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചയും കാർഷിക വിളനാശവും പരിഹരിക്കാൻ നടപടി

1 (*21) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചയും കാർഷിക വിളകൾക്ക് അടിക്കടി ഉണ്ടാകുന്ന വിളനാശവും സംസ്ഥാനത്തെ കർഷകരെ ദുരിതത്തിലാഴ്ത്തിയിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) കാർഷിക മേഖലയിൽ കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്കുവേണ്ടി യു.ഡി.എഫ്. സർക്കാർ ഇതുവരെയായി ഏതെല്ലാം പാക്കേജുകൾ പ്രഖ്യാപിച്ചു; അവ ഏതെല്ലാമെന്നും, ഇതിൽ ഓരോന്നിനും എന്ത് തുക വീതം വകകൊള്ളിച്ചുവെന്നും എന്തുതുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ഇ) കർഷകരുടെ വർദ്ധിച്ചുവരുന്ന ആത്മഹത്യയെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) കർഷകരുടെ കടബാദ്ധ്യത ലഘൂകരിക്കാനും കടങ്ങൾ എഴുതി തള്ളാനും നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ ഗൗരിഅമ്മ) : സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കാർഷിക വിളകളുടെ വിലത്തകർച്ചയെത്തുടർന്ന് കർഷകരെ സഹായിക്കുന്നതിനായി 2002-ൽ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 100 കോടി രൂപ നീക്കി വച്ചിരുന്നു. ഇതിൽ 5 കോടി രൂപ പ്രീ പാക്കേജിനും 95 കോടി രൂപ സ്പെഷ്യൽ പാക്കേജിനുമായിട്ടാണ് വകയിരുത്തിയിരുന്നത്. സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശം താഴെ ചേർത്തിരിക്കുന്നു:

റബ്ബർ സംഭരണം-40, കൊപ്ര ഡ്രൈയറുകൾ സ്ഥാപിക്കൽ-11, അടയ്ക്ക സംഭരണം-10, നെല്ല് സംഭരണം-6, കുരുമുളക്-5, കാപ്പി-6, നെല്ലിന് ഉൽപ്പാദന ബോണസ്-8, ഇഞ്ചി-3, പമ്പിംഗ് സബ്സിഡി-6 ആകെ 95 കോടി രൂപ. രൂക്ഷമായ വരൾച്ചയെ തുടർന്നുണ്ടായ കൃഷിനാശവും വിലത്തകർച്ചയും പരിഗണിച്ച് കൃഷി നഷ്ടപ്പെട്ട കർഷകർക്ക് 2004-05-ൽ 80 കോടി രൂപ നഷ്ടപരിഹാരമായും കൊടുത്തിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളായ നെല്ല്, അടയ്ക്ക, കുരുമുളക് മുതലായവയുടെ വിലത്തകർച്ചമൂലം കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കുന്നതിനായി നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) കർഷകരുടെ ആത്മഹത്യ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കാർഷിക മേഖലയിൽ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. അതിനും പുറമേ കൃഷിനാശം സംഭവിച്ച മറ്റു കൃഷിക്കാർക്ക് നൽകിയ എല്ലാ ആനുകൂല്യങ്ങളും ഇവർക്കും നൽകിയിട്ടുണ്ട്. കൂടാതെ ആന്ധ്രാ പ്രദേശിൽ നൽകിയതുപോലെ 1 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അവശ്യപ്പെട്ടിട്ടുണ്ട്. വരൾച്ച കാരണമുണ്ടായ കൃഷിനാശത്തിന് ദുരിതാശ്വാസമായി 74.56 കോടിരൂപ 5,40,060 കർഷകർക്ക് നൽകുകയുണ്ടായി. കൃഷിനാശം സംഭവിച്ച കർഷകർക്ക് വീണ്ടും വിളയിറക്കുന്നതിനായി 8.01 കോടി രൂപയുടെ വിത്തും 2.96 കോടി രൂപയുടെ കുമ്മായവും വിതരണം ചെയ്യുകയുണ്ടായി. വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി 2004-05 വർഷത്തിൽ 10 കോടിരൂപ മാക്രോ മാനേജുമെന്റ് പദ്ധതികൾക്കായി കേന്ദ്ര സർക്കാർ റീ പ്ലാന്റിംഗ് സബ്സിഡിയായി കുരുമുളകിനും കശുമാവിനും തന്നിട്ടുണ്ട്. ഇതിൽ 7.20 കോടി രൂപ കുരുമുളക് കൃഷിക്കും 2.80 കോടി രൂപ കശുമാവ് കൃഷിക്കുമാണ്. കടാശ്വാസത്തിന്റെ ഭാഗമായ സർക്കാർ നടപടികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ കർഷകരുടെ ആത്മഹത്യയെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്മെന്റ് (എൻ.ഐ.ആർ.ഡി) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിക്കുന്നു.

(എഫ്) കർഷകരുടെ കടബാദ്ധ്യത ലഘൂകരിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി

2 (*37) ശ്രീ. സാജു പോൾ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചക്ക് പരിഹാരം കാണുന്നതിന് കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ കയറ്റിറക്കുമതിനയം കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ,

(എ&ബി) വിവിധ പരിപാടികൾ ഗവൺമെന്റ് ചെയ്തുവരുന്നു. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. 2001-ൽ എം. എസ്. സ്വാമിനാഥന്റെ അദ്ധ്യക്ഷതയിലുള്ള കമ്മീഷൻ Impact of WTO in Kerala's Agriculture എന്ന വിഷയത്തെപ്പറ്റി ഒരു പഠനം നടത്തി റിപ്പോർട്ട് 2003-ൽ സമർപ്പിക്കുകയുണ്ടായി. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം UNCTAD (United Nations Council for Trade and Development)-ന്റെ ഫണ്ടുപയോഗിച്ച് Virtual Univeristy for Agricultural Trade ഒരു പഠനം നടത്തി വരുന്നു. Impact of Regional Trade Agreements on Kerala's Agriculture' എന്നതാണ് പഠന വിഷയം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ വ്യക്തമാകുന്നത് കാർഷിക മേഖലയിൽ ഒരു വാഗ്ദാന ഗവൺമെന്റ് ആണെന്നാണ്. യഥാർത്ഥത്തിൽ കൃഷിക്കാർക്ക് ആവശ്യം വാഗ്ദാനമല്ല, പ്രയോഗമാണ്. 2003-04-ലെ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് കാർഷിക കയറ്റുമതി മേഖലയ്ക്ക് 2.87 കോടി രൂപ, ഔഷധ ഇതരകൃഷിക്കുവേണ്ടി 10 ലക്ഷം രൂപ, വെർച്വൽ യൂണിവേഴ്സിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly